**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 487** **23-02-2022 - ൽ മറുപടിയ്ക്ക്**

**പെട്രോൾ ഡീസൽ നികുതിയിൽ ഇളവ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. ടി.സിദ്ദിഖ്,<br>ശ്രീ. കെ. ബാബു (തൃപ്പൂണിത്തുറ),<br>ശ്രീ. എ . പി . അനിൽ കുമാർ** | | **ശ്രീ കെ എൻ ബാലഗോപാൽ<br>(ധനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | പെട്രോൾ, ഡീസൽ ഉൾപ്പെടെയുള്ള പെട്രോളിയം ഉല്പന്നങ്ങളുടെ വിലവർദ്ധന പെതുജനങ്ങളെ പ്രതികൂലമായി ബാധിക്കുന്ന സാഹചര്യത്തിൽ സംസ്ഥാന നികുതിയിൽ ഇളവ് വരുത്താൻ സർക്കാർ തയ്യാറാകുമോ; | (എ) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം ഡീസലിന് 22.76% ഉം ആണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് 31.05.2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമായി. കേന്ദ്ര നികുതി നിരക്കിൽ കുറവ് വരുത്തുന്നതിനനുസരിച്ച് സംസ്ഥാന നികുതി വരുമാനത്തിലും കുറവ് വരുന്നതാണ്. |
| (ബി) | ഇന്ധന വില വർദ്ധനവിനെത്തുടർന്ന് ഉണ്ടാകുന്ന വിലക്കയറ്റം നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | പൊതുവിപണിയിലെ അവശ്യവസ്തുക്കളുടെ വിലവർദ്ധനവ് നിയന്ത്രിക്കാനും അവശ്യവസ്തുക്കൾ കുറഞ്ഞ നിരക്കിൽ വിതരണം ചെയ്യുന്നതിനുമായി സപ്ലൈകോ സബ്സിഡി നിരക്കിൽ 13 ഇനം അവശ്യ സാധനങ്ങളാണ് വില്പനശാലകൾ വഴി വിതരണം ചെയ്തുവരുന്നത്. ഏപ്രിൽ 2016 ന് ശേഷം സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധിപ്പിച്ചിട്ടില്ല. എന്നാൽ പൊതുവിപണിയിലെ വിലയുടെ അടിസ്ഥാനത്തിൽ സപ്ലൈകോ വാങ്ങൽ വിലയിലുണ്ടാകുന്ന കുറവ് കണക്കിലെടുത്ത് സബ്സിഡി വില്പന വിലയിൽ ഇളവ് നൽകിയിട്ടുണ്ട്. ഇക്കാരണത്താൽ അവശ്യ നിത്യോപയോഗ വസ്തുക്കളുടെ വില |

| | | | |
|---|---|---|---|
| | | | പൊതുവിപണിയിൽ ഉയരുന്ന സാഹചര്യത്തിലും സപ്ലൈകോ വില്പനശാലകളിലൂടെ കുറഞ്ഞ വിലയിൽ സാധനങ്ങൾ വാങ്ങാവുന്ന സാഹചര്യം നിലവിലും ഉപഭോക്താവിന് ലഭിക്കുന്നുണ്ട്. സംസ്ഥാനത്ത് കാര്യക്ഷമമായ പൊതുവിതരണ സംവിധാനവും നിലവിലുണ്ട്. പൊതു വിപണിയിൽ വില വർദ്ധനയും പൂഴ്ത്തിവയ്പ്പും തടയുന്നതിനായി ജില്ലകളിൽ പൊതു വിതരണ വകുപ്പ്, റവന്യൂ വകുപ്പ് എന്നിവർ ഉൾപ്പെട്ട സ്ക്വാഡ് രൂപീകരിച്ച് പരിശോധനകൾ നടത്തി ശക്തമായ നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. അവശ്യ സാധനങ്ങളുടെ വില വിവരം ലഭ്യമാക്കി അവലോകനം നടത്തി വരുന്നതിലൂടെ പൊതു വിപണിയിൽ ആയതിന്റെ സ്റ്റോക്കിന്റെ ലഭ്യത ഉറപ്പാക്കുവാനും കരിഞ്ചന്ത, പൂഴ്ത്തിവയ്പ്പ് എന്നിവ തടയുവാനും കഴിഞ്ഞിട്ടുണ്ട്. വിലക്കയറ്റം പരിഹരിക്കുന്നതിനുള്ള വിഷയങ്ങൾ ചർച്ച ചെയ്ത് തീരുമാനിക്കുന്നതിന് സംസ്ഥാനത്തെ ഓപ്പൺ മാർക്കറ്റ്, മൊത്ത വ്യാപാരികളുടെയും, വ്യാപാരി പ്രതിനിധികളുടെയും യോഗം ആവശ്യമായ സന്ദർഭങ്ങളിൽ സർക്കാർതലത്തിൽ വിളിച്ച് ചേർത്തിട്ടുണ്ട്. ഇതിന് പുറമെ വില വർദ്ധനവിന്റെ അടിസ്ഥാന കാരണം പഠനവിധേയമാക്കുന്നതിന് വിവിധ വകുപ്പുകളിലെയും സർക്കാർ ഏജൻസികളുടേയും ടെക്നിക്കൽ ജീവനക്കാരെ ഉൾപ്പെടുത്തി ഒരു പ്രൈസ് മോണിറ്ററിംഗ് സെൽ, ഭക്ഷ്യ പൊതുവിതരണ വകുപ്പ് രൂപീകരിക്കുകയും, കൃത്യമായ കാലയളവിൽ യോഗം ചേരുകയും ചെയ്തു വരുന്നുണ്ട്. |
| (സി) | പഞ്ചാബ്, രാജസ്ഥാൻ അടക്കമുള്ള സംസ്ഥാനങ്ങൾ ഇന്ധന നികുതിയിൽ ഇളവ് വരുത്തിയപ്പോൾ കേരളം നികുതി ഇളവ് വരുത്താത്തതിന്റെ കാരണം വിശദമാക്കാമോ? | (സി) | പെട്രോൾ, ഡീസൽ എന്നിവയുടെ വിലയിൽ സംസ്ഥാന പൊതു വില്പന നികുതിയും, കേന്ദ്ര നികുതികളും ഉൾപ്പെടുന്നുണ്ട്. നിലവിൽ കേരളത്തിലെ പൊതു വില്പന നികുതി പെട്രോളിന് 30.08% ഉം ഡീസലിന് 22.76% ഉം ആണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണ കാലത്ത് 31.05.2018-ലെ എസ്.ആർ.ഒ. നമ്പർ 345/2018 പ്രകാരം പെട്രോളിന്റെ സംസ്ഥാന നികുതി 31.80%-ൽ നിന്നും 30.08% ആയും ഡീസലിന്റെ സംസ്ഥാന നികുതി 24.52%-ൽ നിന്നും 22.76% ആയും കുറയ്ക്കുകയുണ്ടായി. 01.06.2018 മുതൽ ഈ നിരക്ക് പ്രാബല്യത്തിൽ വന്നു. ആയതിനുശേഷം പെട്രോൾ, ഡീസൽ നികുതിയിൽ നാളിതുവരെ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ കേന്ദ്ര ഗവൺമെന്റ് ഈ കാലയളവിൽ കേന്ദ്ര അഡീഷണൽ എക്സൈസ് നിരക്ക് പലതവണ വർധിപ്പിച്ചതായി കണ്ടുവരുന്നു. ഇത് ഇന്ധന വില വർദ്ധനവിന് കാരണമായി. കേന്ദ്ര നികുതി നിരക്കിൽ കുറവ് വരുത്തുന്നതിനനുസരിച്ച് |

| | | | |
|---|---|---|---|
| | | | സംസ്ഥാന നികുതി വരുമാനത്തിലും കുറവ് വരുന്നതാണ്. |

സെക്ഷൻ ഓഫീസർ